പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1226 — 31.10.2019- ൽ മറുപടിക്ക്

**പാറപ്പുറം-വല്ലം കടവ് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അൻവർ സാദത്ത് | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | ആലുവ മണ്ഡലത്തിൽ പെരിയാറിനു കുറുകെയുള്ള പാറപ്പുറം വല്ലം കടവ് പാലത്തിന്റെ നിർമ്മാണം നിർത്തിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കരാറുകാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചമൂലമാണ് നിർമ്മാണം സ്തംഭനാവസ്ഥയിൽ ആയിരിക്കുന്നത്. എത്രയും വേഗം നിർമ്മാണം പുനരാരംഭിക്കുന്നതിന് സെപ്റ്റംബർ മാസത്തിൽ തന്നെ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രളയത്തോടനുബന്ധിച്ച് നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും നിർമ്മാണത്തെ ബാധിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | 01-12-2019 വരെയാണ് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നത്. എന്നാൽ നിർമ്മാണം സ്തംഭനാവസ്ഥയിൽ ആയതുമൂലം ദീർഘിപ്പിച്ച കാലവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയില്ല. കരാറുകാരൻ ഉടൻ പണി ആരംഭിച്ചാൽ 31-12-2020 നുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കരാറുകാരൻ പ്രവൃത്തി പുനരാരംഭിച്ചിട്ടില്ലെങ്കിൽ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ